സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
**മഹിളാവീഥി** മാഗസിൻ

# പീപ്പിൾസ് റിവ്യൂ

സത്യാന്ന പ്രമദിതവ്യം
Estd : 2007
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ** മാഗസിൻ

2023 ഏപ്രിൽ 18 ചൊവ്വ | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ



പ്രതി ഷഹറൂഖ് സെയ്ഫിയുമായി പോലിസ്

## ട്രെയിൻ തീവയ്പ് കേസ്; എൻ.ഐ.എ ഏറ്റെടുക്കും

കോഴിക്കോട്: എലത്തൂർ ട്രെയിൻ തീവയ്പ് കേസ് എൻ.ഐ.എ ഏറ്റെടുക്കും. ഇത് സംബന്ധിച്ച് കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ വിജ്ഞാപനം ഉടൻ പുറത്തിറങ്ങും. കേസിൽ നേരത്തേ യു.എ.പി.എ ചുമത്തിയിരുന്നു. കേസിൽ യു.എ.പി.എ ചുമത്തിയതോടെയാണ് കേസ് എൻ.ഐ.എ ഏറ്റെടുത്തത്. പ്രതിക്കെതിരേ മജിസ്ട്രേറ്റ് കോടതിയിൽ യു.എ.പി.എ ചുമത്തി റിപ്പോർട്ട് സമർപ്പിക്കും. ഡൽഹി, മഹാരാഷ്ട്ര, കേരളം അടക്കം നാലിലധികം സംസ്ഥാനങ്ങളിലേക്ക് കേസ് വ്യാപിപ്പിക്കേണ്ട സാഹചര്യമുണ്ട്. കേസിൽ നേരത്തെ എൻ.ഐ.എ റിപ്പോർട്ട് തേടിയിരുന്നു. ഈ റിപ്പോർട്ട് കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിനും എൻ.ഐ.എ ഡിജിക്കും കൈമാറിയിരുന്നു. ഒരു വ്യക്തി മാത്രം ചെയ്തതല്ല, മറ്റ് ആളുകളും ആക്രമണത്തിന്റെ ഗൂഢാലോചനയിൽ പങ്കാളികളായിട്ടുണ്ടെന്നാണ് പോലിസ് നിഗമനം. ഏപ്രിൽ രണ്ട് ഞായറാഴ്ച രാത്രിയാണ് കോഴിക്കോട് എലത്തൂരിനടുത്ത് വെച്ച് ആലപ്പുഴ-കണ്ണൂർ എക്സിക്യൂട്ടീവ് എക്സ്പ്രസ് ട്രെയിനിൽ തീവയ്പ്പുണ്ടായത്. സംഭവത്തിൽ ട്രെയിനിൽനിന്ന് പുറത്തേക്ക് ചാടിയ മൂന്നുപേർ മരണപ്പെട്ടിരുന്നു. തീവയ്പ്പിൽ എട്ട് യാത്രക്കാർക്ക് പൊള്ളലേറ്റിരുന്നു. പ്രതി ഷഹറൂഖ് സെയ്ഫിയെ മഹാരാഷ്ട്രയിലെ രത്നഗിരിയിൽനിന്നാണ് പിടികൂടിയത്.

## പുൽവാമ ഭീകരാക്രമണം: പ്രതിപക്ഷം സംയുക്ത പ്രക്ഷോഭത്തിലേക്ക്

ന്യൂഡൽഹി: പുൽവാമ വിഷയത്തിൽ ജമ്മുകശ്മീർ മുൻ ഗവർണർ സത്യപാൽ മാലികിന്റെ വിവാദ വെളിപ്പെടുത്തലിൽ സംയുക്ത നീക്കത്തിനൊരുങ്ങി പ്രതിപക്ഷം. പുൽവാമ ഭീകരാക്രമണത്തിന് വിധേയരായ സി.ആർ.പി.എഫ് ജവാന്മാരെ കൊണ്ടുപോയ വാഹനവ്യൂഹവുമായി ബന്ധപ്പെട്ട് സത്യപാൽ മാലികിന്റെ വെളിപ്പെടുത്തലാണ് പ്രതിപക്ഷം കേന്ദ്രത്തിനെതിരേ പ്രക്ഷോഭത്തിനൊരുങ്ങുന്നത്. കേന്ദ്ര സർക്കാരിനെതിരെ രാഷ്ട്രപതിക്ക് പരാതി നൽകുന്നതടക്കം സംയുക്ത പ്രക്ഷോഭത്തിലേക്ക് വരെ നീങ്ങാനാണ് ആലോചന. രഹസ്യാന്വേഷണ വീഴ്ച ഉൾപ്പടെ മിണ്ടരുത് എന്ന് തന്നോട് പ്രധാനമന്ത്രി നിർദേശിച്ചതായി സത്യപാൽ മാലിക് പറഞ്ഞിരുന്നു. പ്രതിപക്ഷം യോജിച്ച നീക്കത്തിലേക്ക് കടക്കുമ്പോഴും പ്രതികരിക്കാൻ കേന്ദ്രസർക്കാർ തയ്യാറായിട്ടില്ല. വിഷയം ശക്തമായി ഉന്നയിക്കണമെന്ന് കെ.സി വേണുഗോപാൽ ഉദ്ധവ് താക്കറെയുമായി നടത്തിയ ചർച്ചയിൽ ധാരണയായി.



പുൽവാമ ഭീകരാക്രമണത്തിന്റെ ദൃശ്യം (ഫയൽ ചിത്രം)

സി.ആർ.പി.എഫ് ജവാന്മാരെ വ്യോമമാർഗ്ഗം കൊണ്ടുപോകണമെന്ന ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിക്കാത്തതാണ് പുൽവാമ ആക്രമത്തിലേക്ക് നയിച്ചതെന്നാണ് സത്യപാൽ മാലികിന്റെ വെളിപ്പെടുത്തിയത്. സി.ആർ.പി.എഫ് നടത്തിയ ആഭ്യന്തര അന്വേഷണത്തിലും ജവാന്മാരെ റോഡ് മാർഗം കൊണ്ടുപോയതിലെ വീഴ്ച ചൂണ്ടിക്കാട്ടിയിരുന്നു. സാധാരണ സൈനികരെ റോഡുമാർഗം കൊണ്ടു പോകാറുണ്ടെങ്കിലും 78 വാഹനങ്ങളടങ്ങുന്ന കോൺവോയി പോകാൻ തീരുമാനിച്ചത് അസാധാരണമെന്നാണ് സി.ആർ.പി.എഫ് വിലയിരുത്തുന്നത്. ഇത് വിവരം ചോരാനും വാഹനവ്യൂഹത്തിന് ശ്രദ്ധ കിട്ടാനും ഇടയാക്കി. സ്ഫോടനമുണ്ടായേക്കുമെന്ന രഹസ്യാന്വേഷണ മുന്നറിയിപ്പുകളിൽ എവിടെയും സി.ആർ.പി.എഫ് വാഹനവ്യൂഹത്തിന് ഭീഷണിയുള്ളതായി വിവരം കിട്ടിയിരുന്നില്ല. വാഹനവ്യൂഹത്തിലെ അഞ്ചാമത്തെ വാഹനത്തിനരികിലേക്ക് കാർ ഓടിച്ചു കയറ്റിയാണ് സ്ഫോടനം നടത്തിയത്. മഞ്ഞു മൂടി ശ്രീനഗറിലെ വഴികൾ അടഞ്ഞത് കാരണമാണ് നിരവധി സൈനികർക്ക് ഒന്നിച്ച് യാത്ര ചെയ്യേണ്ട സാഹചര്യം വന്നത്.



സത്യപാൽ മാലിക്

## 10 സംസ്ഥാനങ്ങളിൽ ഉഷ്ണ തരംഗം അനുഭവപ്പെടും: കേന്ദ്ര കാലാവസ്ഥാ വകുപ്പ്

ന്യൂഡൽഹി: രാജ്യത്ത് ഒമ്പത് സംസ്ഥാനങ്ങളിൽ ഉഷ്ണതരംഗം അനുഭവപ്പെടുമെന്ന് മുന്നറിയിപ്പുമായി കാലാവസ്ഥാ വകുപ്പ്. പശ്ചിമ ബംഗാൾ, ബീഹാർ, ആന്ധ്രാ പ്രദേശ്, സിക്കിം, ജാർഖണ്ഡ്, ഒഡീഷ, ഉത്തർപ്രദേശ്, ജമ്മു കാശ്മീർ, ഹിമാചൽ പ്രദേശ്, പഞ്ചാബ് എന്നീ സംസ്ഥാനങ്ങൾക്കാണ് മുന്നറിയിപ്പ് നൽകിയത്. സംസ്ഥാനങ്ങളിൽ ചൂട് 45 ഡിഗ്രി എത്തുമെന്നും ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു. പശ്ചിമ ബംഗാൾ, ബീഹാർ, ആന്ധ്രാ പ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ അപകടകരമായ തോതിൽ താപനില ഉയരുന്ന പശ്ചാത്തലത്തിൽ കാലാവസ്ഥാ വകുപ്പ് ഓറഞ്ച് അലർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. മഹാരാഷ്ട്ര സർക്കാർ നടത്തിയ പരിപാടിയിൽ മണിക്കൂറുകളോളം തുറസ്സായ സ്ഥലത്ത് ഇരുന്നവരിൽ സൂര്യപ്രകാശമേറ്റ് 13 പേർ മരിച്ചതിന് തൊട്ടുപിന്നാലെയാണ് കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്. സിക്കിം, ജാർഖണ്ഡ്, ഒഡീഷ, ഉത്തർപ്രദേശ് എന്നീ നാല് സംസ്ഥാനങ്ങളിലും ഉഷ്ണതരംഗം ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് മുന്നറിയിപ്പ് നൽകി. പടിഞ്ഞാറൻ ന്യൂന മർദ്ദം കാരണം ജമ്മു കശ്മീർ, ഹിമാചൽ പ്രദേശ്, പഞ്ചാബ് എന്നിവിടങ്ങളിൽ മഴക്കു സാധ്യതയുണ്ടെന്നും കാലാവസ്ഥാ വകുപ്പ് നിർദേശം നൽകി. പഞ്ചാബിലും ഹരിയാനയിലും തിങ്കളാഴ്ച ചൂട് തരംഗത്തിന് സമാനമായ സാഹചര്യമായിരുന്നു. ഇന്നും താപനില ഉയരാനാണ് സാധ്യത. ദീർഘനേരം സൂര്യപ്രകാശം ഏൽക്കുന്നവർക്ക് ഉഷ്ണരോഗങ്ങൾ ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്. കഠിനമായ ചൂടിൽ ശിശുക്കൾ, വയോധികർ, വിട്ടുമാറാത്ത രോഗങ്ങളുള്ള ആളുകൾ എന്നിവരുൾപ്പെടെയുള്ള ദുർബലരായ ആളുകളിൽ അപകടസാധ്യത കൂടുതലാണ്. ആവശ്യത്തിന് വെള്ളം കുടിക്കുക, ഒ.ആർ.എസ് (ഓറൽ റീഹൈഡ്രേഷൻ സൊല്യൂഷനുകൾ) പാനീയങ്ങളും കുടിക്കുക എന്നിങ്ങനെയുള്ള വിവിധ പ്രതിരോധ നടപടികൾ സ്വീകരിക്കാൻ കാലാവസ്ഥാ വകുപ്പ് നിർദേശിച്ചു.



## അഭ്യൂഹങ്ങൾക്കിടെ മുകുൾ റോയി ഡൽഹിയിൽ; അവ്യക്തത തുടരുന്നു

ന്യൂഡൽഹി: തൃണമൂൽ കോൺഗ്രസ് നേതാവ് മുകുൾ റോയിയെ കാണാനില്ലെന്ന പരാതിക്ക് പിന്നാലെ അദ്ദേഹം തിങ്കളാഴ്ച രാത്രി ഡൽഹിയിൽ എത്തിയതായി റിപ്പോർട്ട്. അദ്ദേഹം ഡൽഹിയിലേക്ക് പോയതാണെന്നും പിന്നീട് ബന്ധപ്പെടാനാവുന്നില്ലെന്നുമായിരുന്നു മകൻ സുബ്രഗ്ഷു റോയി പറഞ്ഞത്. ഇക്കാര്യം ചൂണ്ടിക്കാട്ടി കുടുംബം പോലിസിൽ പരാതി നൽകുകയും ചെയ്തിരുന്നു. മുകുൾ റോയിയെ കാണാനില്ലെന്ന് അഭ്യൂഹങ്ങൾ ഇത്തരത്തിൽ ശക്തമായതിനിടെയാണ് അദ്ദേഹം ഡൽഹിലെത്തിയതായി ഇപ്പോൾ റിപ്പോർട്ട് പുറത്തുവന്നിരിക്കുന്നത്. മുകുൾ റോയിയെ ഡൽഹി വിമാനത്താവളത്തിൽ കണ്ടെന്ന് റിപ്പോർട്ട് ചെയ്ത എൻ.ഡി.ടി.വി മാധ്യമപ്രവർത്തകനോട് എനിക്ക് ഡൽഹിയിൽ ജോലിയുണ്ടെന്നും അതെന്താ എനിക്ക് ഇങ്ങോട്ട് വന്നുകൂടെയെന്നും അദ്ദേഹം മറുപടി പറഞ്ഞതായാണ് സൂചന. അസുഖബാധിതനായിരുന്നോ എന്ന ചോദ്യത്തിന് അല്ല, എനിക്കിവിടെ ഒരു പ്രത്യേക ജോലിയുണ്ട്. ഞാൻ എം.എൽ.എ അല്ലേയെന്നും മുകുൾ റോയി പറഞ്ഞതായാണ് റിപ്പോർട്ട്. പ്രത്യേക രാഷ്ട്രീയലക്ഷ്യത്തോടെയാണ് ഈ വരവെന്ന അഭ്യൂഹം മുകുൾ റോയി നിരസിച്ചു. തൃണമൂൽ കോൺഗ്രസിലെ ആഭ്യന്തര ഭിന്നതയെ തുടർന്ന് 2017ൽ ബി.ജെ.പിയിൽ ചേർന്ന മുകുൾ റോയ് 2021ൽ പാർട്ടിയിൽ തിരിച്ചെത്തുകയായിരുന്നു. തിങ്കളാഴ്ച വൈകിട്ട് മുതൽ അദ്ദേഹത്തെ കാണാനില്ലെന്ന് കാട്ടിയാണ് മകൻ പോലിസിൽ പരാതി നൽകിയത്. പരാതിയുടെ അടിസ്ഥാനത്തിൽ കൊൽക്കത്ത പോലിസ് അന്വേഷണം തുടങ്ങിയിരുന്നു. കൊൽക്കത്ത എൻ.എസ്.സി.ബി.ഐ എയർപോർട്ട് പോലിസ് സ്റ്റേഷനിലാണ് പരാതി നൽകിയത്. അതേസമയം, മുകുൾ റോയിയും മകനും തമ്മിൽ ഭിന്നതയുണ്ടായിരുന്നുവെന്ന് റിപ്പോർട്ട് പുറത്ത് വന്നിട്ടുണ്ട്. ഇത് കുടുംബ പ്രശ്നമാണോ രാഷ്ട്രീയ പ്രശ്നമാണോയെന്ന കാര്യത്തിൽ വ്യക്തതയില്ല.



## കൊവിഡ് കുതിക്കുന്നു; 7,633 പേർക്ക് കൂടി രോഗം സ്ഥിരീകരിച്ചു

ന്യൂഡൽഹി: രാജ്യത്ത് കൊവിഡ് കണക്കുകൾ കുതിച്ചുയരുന്നു. കഴിഞ്ഞ 24 മണിക്കൂറിനിടെ 7,633 പേർക്ക് കൂടി രോഗം സ്ഥിരീകരിച്ചതായി കേന്ദ്ര ആരോഗ്യ മന്ത്രാലയം വെളിപ്പെടുത്തുന്നു. ആകെ രോഗികളുടെ എണ്ണം 61,233 ആയി. ഡൽഹിയിൽ മരിച്ച നാലു പേരുൾപ്പെടെ 11 മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ കൊവിഡ് ബാധിച്ച് മരിച്ചവരുടെ ആകെ എണ്ണം 5,31,152 ആയി.

മഹാരാഷ്ട്രയിൽ ഈ വർഷം കൊവിഡ് ബാധിച്ച് മരിച്ചവരിൽ 71 ശതമാനവും 60 വയസിനു മുകളിലുള്ളവരാണെന്ന് ആരോഗ്യ വകുപ്പ് അറിയിച്ചു. രാജ്യത്ത് ഇതുവരെ 220.66 കോടി പ്രതിരോധ വാക്സിനുകൾ വിതരണം ചെയ്തതായി ആരോഗ്യവകുപ്പ് അറിയിച്ചു.

## ചിന്ത ജെറോം യുവജന കമ്മീഷൻ അധ്യക്ഷസ്ഥാനത്ത് നിന്ന് ഒഴിയുന്നു

തിരുവനന്തപുരം: സംസ്ഥാന യുവജന കമ്മീഷൻ അധ്യക്ഷ സ്ഥാനത്ത് നിന്നും ചിന്ത ജെറോം ഒഴിയുന്നു. കാലാവധി പൂർത്തിയാക്കിയതിനാലാണ് ചിന്ത ജെറോം ഒഴിയുന്നത്. രണ്ട് ടേം പൂർത്തിയാക്കിയ ശേഷമാണ് ചിന്ത സ്ഥാനം ഒഴിയുന്നത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 2016ൽ ആണ് ചിന്തയെ അധ്യക്ഷയായി നിയമിച്ചത്. പിന്നീട് സർക്കാരിന്റെ അവസാനഘട്ടത്തിൽ വീണ്ടും നിയമനം നൽകിയിരുന്നു. കഴിഞ്ഞ ഫെബ്രുവരി ആറിന് രണ്ടാം ടേം പൂർത്തിയായി. മൂന്നു വർഷമാണ് യുവജന കമ്മീഷൻ അധ്യക്ഷന്റെ കാലാവധി. കേന്ദ്രകമ്മിറ്റിയംഗമായ എം. ഷാജർ യുവജന കമ്മീഷൻ അധ്യക്ഷനാകും എന്നാണ് വിവരം. ഇത് സംബന്ധിച്ച ഉത്തരവ് അടുത്ത ദിവസം പുറത്തിറങ്ങും. ഡി.വൈ.എഫ്.ഐ മുൻ കണ്ണൂർ ജില്ലാ സെക്രട്ടറിയും നിലവിൽ സി.പി.ഐ.എം കണ്ണൂർ ജില്ലാ കമ്മിറ്റി അംഗവുമാണ് എം. ഷാജർ. പുതിയ അധ്യക്ഷനെ നിയമിക്കുന്നതു വരെയോ പരമാവധി ആറു മാസമോ തുടരാമെന്ന വ്യവസ്ഥയിലാണ് ചിന്ത ഫെബ്രുവരിക്ക് ശേഷം ചുമതല വഹിച്ചു പോന്നത്.



## മൈനിങ് വകുപ്പിലെ ഉദ്യോഗസ്ഥയെ വലിച്ചിഴച്ച് ആക്രമിച്ച് മണൽ മാഫിയ; 44 പേർ അറസ്റ്റിൽ

പട്ന: ബിഹാറിലെ പട്നയിൽ മൈനിങ് വകുപ്പിലെ വനിതാ ഉദ്യോഗസ്ഥയ്ക്കു നേരെ മണൽ മാഫിയയുടെ ആക്രമണം. ബിഹ്ത നഗരത്തിൽ പരിശോധനയ്ക്കെത്തിയ ഉദ്യോഗസ്ഥയെ മണൽ മാഫിയയുമായി ബന്ധപ്പെട്ടവർ കൂട്ടം ചേർന്ന് ആക്രമിക്കുകയായിരുന്നു. ഉദ്യോഗസ്ഥയെ വലിച്ചിഴച്ച് കല്ലെറിയുന്ന ദൃശ്യങ്ങൾ പുറത്തു വന്നിട്ടുണ്ട്. പ്രചരിക്കുന്ന വീഡിയോയിൽ 10–15 പേർ അസഭ്യം പറയുന്നതും കല്ലെറിയുന്നതും കാണാം. മണൽ ഖനനവുമായി ബന്ധപ്പെട്ട പരിശോധനയ്ക്കിടെ ഒരു സംഘം സാമൂഹിക വിരുദ്ധർ ജില്ലാമൈനിങ് ഓഫിസറെ ആക്രമിക്കുകയായിരുന്നുവെന്ന് പട്ന വെസ്റ്റ് എസ്.പി രാജേഷ് കുമാർ പറഞ്ഞു. മൂന്ന് ഉദ്യോഗസ്ഥർക്ക് പരിക്കേറ്റിട്ടുണ്ട്. സംഭവത്തിൽ 44 പേരെ അറസ്റ്റ് ചെയ്തതായി പോലിസ് അറിയിച്ചു.



പട്നയിൽ മൈനിങ് വകുപ്പിലെ വനിതാ ഉദ്യോഗസ്ഥയെ മണൽ മാഫിയ സംഘാംഗങ്ങൾ ആക്രമിക്കുന്നതിന്റെ ദൃശ്യം

# മിൽമ പാലിന് നാളെ മുതൽ വില കൂടും; പച്ച, മഞ്ഞ കവറുകൾക്ക് വർധന




തിരുവനന്തപുരം: മിൽമ പാലിന്റെ വില സംസ്ഥാനത്ത് വീണ്ടും കൂടും. നാളെ മുതലാണ് വില വർധന നിലവിൽ വരിക. പച്ച, മഞ്ഞ കവറുകളിലുള്ളവയ്ക്കാണ് വില വർധിക്കുക. 29 രൂപയായിരുന്ന മിൽമ റിച്ചിന് 31 രൂപയാകും. 24 രൂപയുടെ മിൽമ സ്മാർട്ടിന് 25 രൂപയാകും. അതേസമയം ഏറെ ആവശ്യക്കാരുള്ള നീല കവർ പാലിന് വില കൂടില്ല. രണ്ടു മാസം മുൻപ് നീല കവർ പാലിന് വില കൂട്ടിയിരുന്നു. വലിയ നഷ്ടം നേരിടുന്ന സാഹചര്യത്തിലാണ് നടപടിയെന്നാണ് വിശദീകരണം. മിൽമ റിച്ച് കവറും മിൽമ സ്മാർട് കവറും വിറ്റ് പോകുന്നത് മൊത്തം വിൽപനയുടെ അഞ്ച് ശതമാനം മാത്രമാണ്. അതേസമയം മിൽമ പാലിന്റെ വില കൂട്ടിയത് അറിയിച്ചിട്ടില്ലെന്നും ഒരു വിവരവും അറിയിക്കാതെ പെട്ടന്നാണ് വില വർധിപ്പിച്ചതെന്ന് ക്ഷീരവികസന വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി പറഞ്ഞു. വില വർധിപ്പിച്ചതിനെ കുറിച്ച് മിൽമയോട് വിശദീകരണം തേടുമെന്ന് മന്ത്രി മാധ്യമ പ്രവർത്തകരോട് പറഞ്ഞു. റീപൊസിഷനിംഗ് മിൽമ എന്ന പുതിയ പദ്ധതിയും മിൽമയിൽ ഉദ്ഘാടനം ചെയ്യുന്നുണ്ട്. ബ്രാൻഡ് ഇമേജ് മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനമാകെ ഏകീകൃത രീതിയിലുള്ള പാക്കിംഗ്, ഡിസൈൻ, ഗുണനിലവാരം, വില, തൂക്കം എന്നിവ നടപ്പാക്കുന്ന പദ്ധതിയാണിത്. കഴിഞ്ഞ ദിവസം സംസ്ഥാനത്തെ പാൽ സംഭരണത്തിൽ അഞ്ച് ശതമാനം കുറവ് രേഖപ്പെടുത്തിയിരുന്നു. വർധിച്ചുവരുന്ന ചൂട് മൂലമാണ് പാൽ സംഭരണത്തിൽ കുറവുണ്ടായത്. പ്രതിദിനം മൂന്ന് ലക്ഷം ലിറ്റർ പാലിന്റെ കുറവാണ് ഉണ്ടായിരിക്കുന്നത്.

# അരിക്കൊമ്പൻ വിഷയം: നീട്ടിക്കൊണ്ടുപോകില്ല, കോടതിയെ സർക്കാർ അനുസരിക്കും: വനംമന്ത്രി



കൊച്ചി: അരിക്കൊമ്പൻ വിഷയം അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകാനാകില്ലെന്നും വിദഗ്ധ സമിതി കണ്ടെത്തിയ സ്ഥലമാണ് പറമ്പിക്കുളമെന്നും വനം മന്ത്രി എ.കെ ശശീന്ദ്രൻ. നീതിന്യായ കോടതിയെ അനുസരിക്കാൻ സർക്കാരിന് ബാധ്യതയുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി. ഹൈക്കോടതി വിധി ലംഘിക്കില്ലെന്നും അരിക്കൊമ്പനെ മാറ്റാൻ പുതിയ സ്ഥലം കണ്ടെത്തി റിപ്പോർട്ട് നൽകാൻ നിർദേശം നൽകിയെന്നും അദ്ദേഹം പറഞ്ഞു. വനം വകുപ്പ് ഉദ്യോഗസ്ഥർ നാളെ റിപ്പോർട്ട് നൽകുമെന്നും അദ്ദേഹം പറഞ്ഞു. അതേസമയം അരിക്കൊമ്പൻ ആനയെ മയക്കുവെടിവെച്ച് പിടികൂടണമെന്ന മറ്റൊരു ഹർജി ഇന്ന് സുപ്രീം കോടതിയിയുടെ പരിഗണനയിലേക്ക് വരും. അരിക്കൊമ്പനെ മാറ്റുന്ന കാര്യത്തിൽ തീരുമാനമെടുക്കാൻ നിയമിച്ച വിദഗ്ധ സമിതിയിൽ വിദഗ്ധരില്ലെന്ന വാദമാണ് ഹർജിക്കാർ ഉന്നയിക്കുന്നത്. അഭിഭാഷകൻ വി.കെ ബിജുവാണ് ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ചിന് മുന്നിൽ ഹർജി പരാമർശിക്കുന്നത്.

# ബി.ജെ.പിയുടെ കാപട്യ നിലപാട് ക്രൈസ്തവർക്കറിയാം: വി.ഡി സതീശൻ



കൊച്ചി: ബി.ജെ.പി നേതാക്കളുടെ ക്രൈസ്തവ മതമേലധ്യക്ഷന്മാരുമായുള്ള സന്ദർശനത്തിൽ പ്രതികരിച്ച് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. ബി.ജെ.പി നിലപാട് ക്രൈസ്തവർക്കറിയാമെന്നും മതമേലധ്യക്ഷന്മാർക്ക് ബി.ജെ.പി അനുകൂല എടുക്കാൻ കഴിയുമെന്ന് തോന്നുന്നില്ലെന്നും സംസ്ഥാനത്തെ ക്രൈസ്തവർക്ക് കാപട്യ നിലപാട് തിരിച്ചറിയാമെന്നും അദ്ദേഹം പറഞ്ഞു. ക്രൈസ്തവ സഭ ബി.ജെ.പി അനുകൂല നിലപാട് എവിടെയും സ്വീകരിച്ചിട്ടില്ല. വിചാരധാര പഴയ നിലപാടാണെന്ന് ആർ.എസ്.എസ് ഇതുവരെ പറഞ്ഞിട്ടില്ല. രാജ്യത്ത് ക്രൈസ്തവർക്ക് എതിരേ ആക്രമണങ്ങളും ക്രൈസ്തവ സ്ഥാപനങ്ങൾ ആക്രമിക്കപ്പെടുകയും ചെയ്യുന്നു. 598 ക്രൈസ്തവ സ്ഥാപനങ്ങൾ കഴിഞ്ഞ വർഷം ആക്രമിക്കപ്പെട്ടു. സുപ്രീം കോടതിയിൽ സമർപ്പിച്ച കണക്കാണിതെന്നും സതീശൻ പറഞ്ഞു.

# ആദ്യ പരീക്ഷണയോട്ടം ഏഴ് മണിക്കൂർ ഒമ്പത് മിനിട്ടിൽ പൂർത്തിയാക്കി വന്ദേഭാരത് കണ്ണൂരിൽ എത്തി



കണ്ണൂർ: ആദ്യ പരീക്ഷണ ഓട്ടം പൂർത്തിയാക്കി വന്ദേഭാരത് എക്സ്പ്രസ്. പുലർച്ചെ 5.10ന് തിരുവനന്തപുരത്തുനിന്ന് പുറപ്പെട്ട ട്രെയിൻ ഉച്ചയ്ക്ക് 12.19ന് കണ്ണൂരിൽ എത്തി. ഏഴ് മണിക്കൂർ ഒമ്പത് മിനുട്ട് പിന്നിട്ടാണ് ട്രെയിൻ കണ്ണൂരിലെത്തിയത്. കേരളത്തിൽ തിരുവനന്തപുരം കണ്ണൂർ റൂട്ടിലോടുന്ന മറ്റ് ട്രെയിനുകളെ അപേക്ഷിച്ച് വന്ദേഭാരത് വേഗതയിൽ ഒന്നാമതാണ്. നിലവിൽ തിരുവനന്തപുരത്ത് നിന്ന് കണ്ണൂരിലെത്തിച്ചേരുന്ന ഏറ്റവും വേഗത കൂടിയ ട്രെയിൻ രാജധാനി എക്സ്പ്രസാണ്. 7.15ന് തിരുവനന്തപുരത്തു നിന്ന് പുറപ്പെടുന്ന രാജധാനി എക്സ്പ്രസ് പുലർച്ചെ 3.12ന് കണ്ണൂരിലെത്തും. എട്ട് മണിക്കൂറോളം സമയമെടുത്താണ് ട്രെയിൻ കണ്ണൂരിലെത്തുന്നത്. എന്നാൽ രാജധാനിയേക്കാൾ ഒരു മണിക്കൂർ നേരത്തെ വന്ദേഭാരത് പരിക്ഷണയോട്ടത്തിൽ കണ്ണൂരിലെത്തി. തിരുവനന്തപുരം കണ്ണൂർ റൂട്ടിൽ പ്രധാനപ്പെട്ട മറ്റ് രണ്ട് ട്രെയിനുകൾ ജനശതാബ്ദി എക്സ്പ്രസും മാവേലി എക്സ്പ്രസുമാണ്. പുലർച്ചെ 4.50ന് കണ്ണൂരിൽ നിന്ന് പുറപ്പെടുന്ന

ജനശതാബ്ദി എക്സ്പ്രസ് ഒമ്പത് മണിക്കൂർ 20 മിനിട്ട് സമയമെടുത്ത് ഉച്ചയക്ക് 2.10ന് തിരുവനന്തപുരത്തെത്തും. വന്ദേഭാരതിന്റെ സമയവുമായി താരതമ്യം ചെയ്യുമ്പോൾ ജനശതാബ്ദിക്ക് രണ്ട് മണിക്കൂർ വേഗത കുറവാണ്. മാവേലി എക്സ്പ്രസിനാകട്ടെ വന്ദേഭാരതിനേക്കാൾ മൂന്ന് മണിക്കൂർ വേഗത കുറവാണ്. വൈകീട്ട് 7.25 ന് തിരുവനന്തപുരത്തു നിന്ന് പുറപ്പെടുന്ന മാവേലി എക്സ്പ്രസ് ആലപ്പുഴ വഴി കണ്ണൂരിലെത്തുന്നത് 10 മണിക്കൂറോളം സമയമെടുത്ത് പുലർച്ചെ 5.20നാണ്.

# ആരെയ് വനമേഖലയിൽ അനുമതിയില്ലാതെ മരങ്ങൾ മുറിച്ചുനീക്കി: മുംബൈ മെട്രോയ്ക്ക് 10 ലക്ഷം രൂപ



ന്യൂഡൽഹി: ആരെയ് വനമേഖലയിൽ അനുമതിയില്ലാതെ മരങ്ങൾ മുറിച്ചുമാറ്റി കോടതിയുടെ അധികാരത്തിൽ കൈകടത്താൻ ശ്രമിച്ചുവെന്നാരോപിച്ച് മുബൈ മെട്രോയ്ക്ക് സുപ്രീംകോടതി 10 ലക്ഷം രൂപ പിഴയിട്ടു. രണ്ടാഴ്ചയ്ക്കുള്ളിൽ പിഴയടക്കാനാണ് ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ്, ജസ്റ്റിസ് പി.എസ് നരസിംഹ, ജസ്റ്റിസ് ജെ.ബി പർദിവാല എന്നിവരടങ്ങിയ ബെഞ്ചിന്റേതാണ് ഉത്തരവ്. മുംബൈയുടെ വടക്കൻ പ്രാന്തപ്രദേശമായ ഗോരേഗാവിൽ 1,300 ഹെക്ടർ വനഭൂമിയിൽ വ്യാപിച്ചുകിടക്കുന്ന ആരെയ് സഞ്ജയ് ഗാന്ധി നാഷണൽ പാർക്കിനു സമീപമാണ് സ്ഥിതിചെയ്യുന്നത്. മെട്രോപോളിസിന്റെ പച്ച ശ്വാസകോശം എന്ന് വിളിക്കപ്പെടുന്ന ആരെയ് അല്ലെങ്കിൽ ആരെയ് മിൽക് കോളനി നിരവധി തദ്ദേശീയ ഇനം വൃക്ഷങ്ങളുടേയും വൈവിധ്യമാർന്ന സസ്യജന്തുജാലങ്ങളുടേയും ആവാസകേന്ദ്രവും മുംബൈയിലെ അവശേഷിച്ചിരിക്കുന്ന വനഭൂമിയുമാണ്. ആരെയ് കോളനിയിലെ മരം മുറിക്കെതിരേ നിയമ വിദ്യാർഥിയായ റിഷവ് രഞ്ജൻ നൽകിയ പരാതിയിൽ 2019ലാണ് കോടതി സ്വമേധയാ കേസെടുത്തത്. ആരെയ് വനമേഖലയിൽ നിന്ന് മരങ്ങൾ മുറിച്ചുമാറ്റിയ മുംബൈ മെട്രോ റെയിൽ കോർപറേഷൻ ലിമിറ്റഡിന്റേത് അനുചിതമായ നടപടിയാണെന്ന് കോടതി നിരീക്ഷിച്ചു. എന്നാലും സ്റ്റേ നൽകുന്നത് മെട്രോ പദ്ധതി വൈകുന്നതിന് ഇടയാക്കുമെന്നതിനാൽ 177 മരങ്ങൾ മുറിക്കാൻ കോടതി അനുമതി നൽകി. മെട്രോ രണ്ടാഴ്ചയ്ക്കുള്ളിൽ പിഴയടക്കണമെന്നും വനവൽക്കരണം പൂർത്തിയാക്കുന്നുണ്ടെന്ന് സംരക്ഷകർ ഉറപ്പു വരുത്തണമെന്നും ബെഞ്ച് നിർദേശിച്ചു.

# സ്വവർഗ വിവാഹത്തെ നിയമവിധേയമാക്കുന്നതിനെ എതിർത്ത് കേന്ദ്രവും ബാലാവകാശ കമ്മീഷനും

ന്യൂഡൽഹി: സ്വവർഗ വിവാഹം നിയമവിധേയമാക്കുന്നതിനെ എതിർത്ത് കേന്ദ്രവും ബാലാവകാശ കമ്മീഷനും സുപ്രീം കോടതിയിൽ. സ്വവർഗ വിവാഹം എന്നത് നഗര കേന്ദ്രീകൃത വരേണ്യ വർഗത്തിന്റെ കാഴ്ചപ്പാട് എന്ന് കേന്ദ്രം സുപ്രീംകോടതിയെ അറിയിച്ചു.

സ്വവർഗ വിവാഹത്തെ നിയമ വിധേയമാക്കുന്നതിനെ എതിർത്ത് ദേശീയ ബാലാവകാശ കമ്മീഷനും സുപ്രീം കോടതിയെ സമീപിച്ചു. സ്വവർഗ്ഗ പങ്കാളികൾക്ക് കുട്ടികളെ ദത്തെടുക്കാൻ അനുവാദം നൽകാനാവില്ലെന്നും കമ്മീഷൻ അറിയിച്ചു. സ്വവർഗ വിവാഹം നിയമവിധേയമാക്കുന്നതിനെതിരേ നേരത്തെ ന്യൂനപക്ഷ സംഘടനകളും രംഗത്തെത്തിയിരുന്നു. ഹർജികൾ നിലനിൽക്കുമോ എന്ന് കോടതി ആദ്യം പരിശോധിക്കണം. ഇതിൽ തീരുമാനം എടുക്കേണ്ടത് നിയമനിർമാണ സഭകളാണ്. രാജ്യത്തെ മതവിഭാഗങ്ങളെ അടക്കം കണക്കിലെടുത്തേ ഈ വിഷയത്തിൽ സർക്കാരിന് മുന്നോട്ട് പോകാനാകൂവെന്നും കേന്ദ്രം കോടതിയിൽ അറിയിച്ചു.

# വിചാരണ തടവുകാരെ നഗ്നരാക്കി പരിശോധിക്കരുത്: സുപ്രധാന ഉത്തരവുമായി മുംബൈ പ്രത്യേക കോടതി

മുംബൈ: വിചാരണത്തടവുകാരനെ നഗ്നനാക്കി പരിശോധന നടത്തുന്നത് സ്വകാര്യതയ്ക്ക് മേലുള്ള കടന്നുകയറ്റവും മൗലികാവകാശ ലംഘനമാണെന്ന് മുംബൈ പ്രത്യേക കോടതിവിധി. നഗ്നരാക്കി പരിശോധിക്കുന്നതും അസഭ്യം പറയുന്നതും മനുഷ്യാവകാശ ലംഘനമെന്നും കോടതി. 1993ലെ മുംബൈ സ്ഫോടന പരമ്പര കേസിലെ പ്രതിയാണ് കോടതിയെ സമീപിച്ചത്. ഒരോ തവണ കോടതിയിൽ പോയി മടങ്ങിയെത്തുമ്പോഴും തുണി അഴിപ്പിച്ച് പരിശോധിക്കുന്നതായാണ് പരാതി. വിചാരണ തടവുകാരെ നഗ്നനാക്കി പരിശോധിക്കുന്നതിന് പകരം സ്കാനറുകളും ഗാഡ്ജെറ്റുകളും ഉപയോഗിക്കണമെന്നും മുംബൈ ജയിൽ അധികൃതരോട് കോടതി ഉത്തരവിട്ടു. പ്രതിക്കെതിരേ അസഭ്യം പറയുകയോ മോശം ഭാഷ ഉപയോഗിച്ച് സംസാരിക്കുകയോ ചെയ്യരുത്. ഇത് ഉറപ്പാക്കാൻ സൂപ്രണ്ട് ബന്ധപ്പെട്ട സെർച്ചിംഗ് ഗാർഡുകൾക്കും ആവശ്യമായ നിർദേശങ്ങൾ നൽകണണെന്നും സ്പെഷ്യൽ ജഡ്ജി ബി.ഡി ഷെൽക്കെ ഉത്തരവിൽ പറഞ്ഞു. 1993-ലെ സ്ഫോടനക്കേസ് പ്രതി അഹമ്മദ് കമാൽ ഷെയ്ഖിന്റെ പരാതിയിലായിരുന്നു ഉത്തരവ്. കോടതി നടപടികൾക്ക് ശേഷം ജയിലിലേക്ക് തിരികെ കൊണ്ടുപോകുമ്പോഴെല്ലാം, മറ്റ് തടവുകാർക്കും സ്റ്റാഫ് അംഗങ്ങൾക്കും മുന്നിൽ തന്നെ നഗ്നനാക്കിയ ശേഷം ജയിൽ ഗേറ്റിലെ ഗാർഡുകൾ തന്നെ പരിശോധിക്കാറുണ്ടെന്ന് ഷെയ്ഖ് ആരോപിച്ചിരുന്നു. ഇത് അപമാനകരവും സ്വകാര്യതാ അവകാശത്തിന്റെ ലംഘനവുമാണെന്നാണ് അപേക്ഷയിൽ പറഞ്ഞത്. മഹാരാഷ്ട്ര കൺട്രോൾ ഓഫ് ഓർഗനൈസ്ഡ് ക്രൈം ആക്ട് ജഡ്ജ് ബി.ഡി ഷെൽക്കെ ഏപ്രിൽ 10 നാണ് ഇത് സംബന്ധിച്ച ഉത്തരവിട്ടത്. വിശദമായ ഉത്തരവ് കഴിഞ്ഞ ദിവസമാണ് പുറത്തുവന്നത്. അതേസമയം, ഈ ആരോപണങ്ങളെല്ലാം ജയിൽ സൂപ്രണ്ട് നിഷേധിച്ചിരുന്നു. പ്രതികളോട് ഇത്രയും മോശമായ പെരുമാറ്റം ഉണ്ടായിട്ടില്ലെന്നും ജയിൽ അധികൃതരെ സമ്മർദത്തിലാക്കുക എന്ന ഉദ്ദേശത്തോടെയാണ് ഇത്തരമൊരു തെറ്റായ ഹർജി നൽകിയതെന്നും ജയിൽ സൂപ്രണ്ട് നൽകിയ മറുപടിയിൽ പറഞ്ഞിരുന്നു. എന്നാൽ പരാതിക്കാരൻ പറയുന്നതിൽ ചില കാര്യങ്ങൾ ശരിയാണെന്നും, നേരത്തെയും ഇത്തരം പരാതികൾ തടവുകാരിൽ നിന്നുണ്ടായിട്ടുണ്ടെന്നും വിലയിരുത്തിയായിരുന്നു കോടതി ഉത്തരവ്.



## തെരഞ്ഞെടുപ്പ് വിജ്ഞാപനം

S. IND (D) 237 ാം നമ്പർ സിറ്റി വ്യുമൺസ് ഇൻഡ്രസ്ട്രിയൽ (വർക്ക്ഷോപ്പ്) ഇലക്ട്രോണിക്സ് സഹകരണ സംഘം ക്ലിപ്തത്തിന്റെ പുതിയ ഭരണസമിതി അംഗങ്ങളെ തെരഞ്ഞെടുക്കുന്ന നടപടിയുടെ ഭാഗമായുള്ള തെരഞ്ഞെടുപ്പ് വിജ്ഞാപനം താഴെ ചേർക്കുന്നു.

1. തെരഞ്ഞെടുപ്പിലൂടെ നികത്തപ്പെടേണ്ട ഒഴിവുകളുടെ എണ്ണം : 7 (ഏഴ്)
2. സഹകരണ നിയമപ്രകാരം തെരഞ്ഞെടുക്കപ്പെടേണ്ട വിഭാഗങ്ങൾ :

| | എണ്ണം |
|---|---|
| ജനറൽ | 6 (ആറ്) |
| പട്ടികജാതി / പട്ടിക വർഗ്ഗ സംവരണം | 1 (ഒന്ന്) |
| ആകെ | 7 (ഏഴ്) |

3. തടസ്സവാദങ്ങൾ പരിശോധിക്കുന്നതിനുള്ള തീയതിയും സമയവും സ്ഥലവും : 25-04-2023 പകൽ 11 മണി മുതൽ 3 മണി വരെ സംഘം ഓഫീസിൽ വച്ച്
4. അന്തിമ വോട്ടർപട്ടിക പ്രസിദ്ധപ്പെടുത്തുന്ന സ്ഥലവും, തീയതിയും, സമയവും : 27-04-2023 ന് സംഘം ഓഫീസിൽ വച്ച്
5. നാമനിർദ്ദേശപത്രിക നേരിട്ട് സമർപ്പിക്കുന്നതിനുള്ള സ്ഥലവും, തീയതിയും, സമയവും : 04-05-2023 പകൽ 11 മണി മുതൽ 2 മണി വരെ സംഘം ഓഫീസിൽ വച്ച്
6. പത്രിക സൂക്ഷ്മപരിശോധനയ്ക്കുള്ള തീയതിയും, സമയവും : 05-05-2023 പകൽ 11 മണി മുതൽ സംഘം ഓഫീസിൽ വച്ച്
7. പത്രികകൾ പിൻവലിക്കുന്നതിനുള്ള സ്ഥലവും, തീയതിയും സമയവും : 06-05-2023 പകൽ 5 മണി വരെ സംഘം ഓഫീസിൽ വച്ച്
8. വോട്ടെടുപ്പ് വേണ്ടി വരുന്ന പക്ഷം വോട്ടെടുപ്പ് നടത്തുന്ന സ്ഥലവും തീയതിയും, സമയവും : 2023 മെയ് മാസം 22 ാം തിയ്യതി തിങ്കളാഴ്ച പകൽ 11 മണി മുതൽ 1 മണി വരെ സംഘം ആഫീസിൽ വെച്ച്

ഇലക്ഷൻ ഓഫീസർ (ഒപ്പ്)

## പൊതുയോഗ നോട്ടീസ്

സിറ്റി വുമൺസ് ഇൻഡസ്ട്രിയൽ (WS) & ഇലക്ട്രോണിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ S. IND (D) 237, ന്റെ പൊതുയോഗം 22-05-2023 തിങ്കളാഴ്ച പകൽ 2 മണി മുതൽ 3 മണി വരെ സംഘം ഓഫീസിൽ വെച്ച് നടത്തുന്നതാണ്.

എന്ന്, സെക്രട്ടറി (ഒപ്പ്)

# 'സി. ബി. ഐ ചോദിച്ച 56 ചോദ്യങ്ങളും വ്യാജം': അരവിന്ദ് കെജ്രിവാൾ



ന്യൂഡൽഹി: മദ്യനയ അഴിമതി കേസിൽ സാക്ഷിയായി തന്നോട് സി. ബി. ഐ ചോദിച്ച എല്ലാ ചോദ്യങ്ങളും വ്യാജമെന്ന് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ. സി.ബി.ഐ തനിക്ക് മുന്നിൽ അവതരിപ്പിച്ച എല്ലാ കാര്യങ്ങളും വ്യാജമാണെന്നും കേസ് തന്നെ വ്യാജമാണെന്നും ചോദ്യം ചെയ്യലിന് ശേഷം പ്രതികരിക്കവെ കെജ്രിവാൾ പറഞ്ഞു. ഒമ്പത് മണിക്കൂറോളമാണ് ചോദ്യം ചെയ്യൽ നീണ്ടത്. മദ്യലോബിക്ക് അനുകൂലമായി മദ്യനയം രൂപീകരിച്ചെന്നായിരുന്നു എ.എ.പി സർക്കാരിനെതിരേയുള്ള അന്വേഷണ ഏജൻസികളുടെ ആരോപണം. എക്സൈസ് വകുപ്പ് കൈകാര്യം ചെയ്തിരുന്ന കെജ്രിവാളിന്റെ മുൻ ഡെപ്യൂട്ടി മനീഷ് സിസോദിയയും മദ്യനയ അഴിമതി കേസിൽ കഴിഞ്ഞ മാസം അറസ്റ്റിലായിരുന്നു. സി.ബി.ഐ തന്നോട് 56 ചോദ്യങ്ങളാണ് ചോദിച്ചതെന്ന് കെജ്രിവാൾ മാധ്യമങ്ങളോട് പറഞ്ഞു. തങ്ങളുടെ പക്കൽ നിന്ന് കേസുമായി ബന്ധപ്പെട്ട ഒന്നും സി.ബി.ഐക്ക് ലഭിച്ചിട്ടില്ലെന്ന് കെജ്രിവാൾ പറഞ്ഞു. 'മദ്യനയം നിലവിൽ വന്ന 2020 മുതൽ അതിന്റെ അവസാനം വരെയുള്ള എല്ലാ കാര്യങ്ങളും സി.ബി.ഐ എന്നോട് ചോദിച്ചു. കേസ് കെട്ടിച്ചമച്ചതാണ്. സത്യസന്ധതയാണ് ഞങ്ങളുടെ പ്രത്യയശാസ്ത്രം. മരിക്കാൻ വരെ തയ്യാറാണ്, എന്നാൽ വിട്ടുവീഴ്ച ചെയ്യില്ല. അവർ ഇതെല്ലാം ചെയ്യുന്നത് ഞങ്ങളെയും ഞങ്ങളുടെ വികസന പ്രവർത്തനങ്ങളെയും അപകീർത്തിപ്പെടുത്താനാണ്. ഇപ്പോൾ ഞങ്ങൾ ഒരു ദേശീയ പാർട്ടിയായി. അതിനാലാണ് അവർ ഇങ്ങനെയൊക്കെ ചെയ്യുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കെജ്രിവാളിനെ സി.ബി.ഐ ചോദ്യം ചെയ്തുകൊണ്ടിരിക്കെ, അദ്ദേഹത്തെ അറസ്റ്റ് ചെയ്യുമെന്ന ആശങ്കയിൽ എ.എ.പി മുതിർന്ന നേതാക്കളുടെ അടിയന്തര യോഗം വിളിച്ചതായി എ. എൻ. ഐ റിപ്പോർട്ട് ചെയ്തിരുന്നു. സമീപകാലത്ത് ഭരണത്തിലിരിക്കേ ഒരു മുഖ്യമന്ത്രി അന്വേഷണ ഉദ്യോഗസ്ഥർക്ക് മുന്നിൽ ചോദ്യം ചെയ്യലിന് എത്തുന്നത് ആദ്യമായാണ്. എ.എ.പി പ്രവർത്തകർ പ്രതിഷേധിക്കാനുള്ള സാധ്യത കണക്കിലെടുത്ത് സി.ബി.ഐ ആസ്ഥാനത്തിന് ചുറ്റും കനത്ത സുരക്ഷയാണ് ഡൽഹി പോലിസ് ഒരുക്കിയിരുന്നത്.

# കെ. എസ്. ആർ. ടി. സിയിൽ വീണ്ടും ശമ്പളമുടക്കം; ജീവനക്കാർ സമരത്തിലേക്ക്

തിരുവനന്തപുരം: മാർച്ച് മാസത്തിലെ ശമ്പളം പൂർണമായി ലഭിക്കാത്തതിനെ തുടർന്ന് കെ.എസ്.ആർ.ടി.സി ജീവനക്കാർ സമരത്തിലേക്ക്. സി.ഐ.ടി.യുവിന്റേയും ടി.ഡി.എഫിന്റേയും നേതൃത്വത്തിൽ തിരുവനന്തപുരത്തെ ചീഫ് ഓഫിസിൽ ധർണ സംഘടിപ്പിച്ചു. വിഷുവിന് മുമ്പ് കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് രണ്ടാം ഗഡു ശമ്പളം ലഭിക്കും എന്ന പ്രതീക്ഷയിൽ ആയിരുന്നു. എന്നാൽ നിരാശ മാത്രമാണ് ജീവനക്കാർക്ക് ലഭിച്ചത്. കെ.എസ്.ആർ.ടി.സിയിൽ നിന്നും ഉണ്ടാകുന്ന ഈ നടപടിയിൽ പ്രതിഷേധിച്ചാണ് തിരുവനന്തപുരത്തെ ചീഫ് ഓഫീസിനു മുന്നിൽ സമരം സംഘടിപ്പിച്ചത്. കെ.എസ്.ആർ.ടി.സി എം.ഡിക്കും ഗതാഗത മന്ത്രിക്കും നേരെയാണ് സംഘടനകളുടെ വിമർശനം. 230 കോടി രൂപ മാർച്ച് മാസം വരുമാനമായി ലഭിച്ചിട്ടും ജീവനക്കാർക്ക് ദുരിതം മാത്രമാണെന്നാണ് യൂണിയനുകളുടെ ആക്ഷേപം. നിലവിൽ മാർച്ച് 15 വരെയുള്ള ശമ്പളമാണ് ജീവനക്കാർക്ക് നൽകിയിരിക്കുന്നത്. എന്നാൽ ബാക്കി കുടിശ്ശിക ശമ്പളം എപ്പോൾ നൽകുമെന്ന കാര്യത്തിൽ ഉദ്യാഗസ്ഥർ ഉറപ്പ് നൽകിയിട്ടില്ല. കെ.എസ്.ആർ.ടി.സി എം.ഡി ബിജു പ്രഭാകറിനെതിരേ കടുത്ത വിമർശനവുമായി സി.ഐ.ടി.യു രംഗത്തെത്തി. ശമ്പളം നൽകാൻ കഴിയുന്നില്ലെങ്കിൽ ചുമതല ഒഴിയണമെന്ന് സി.ഐ.ടി.യു നേതാക്കൾ പറഞ്ഞു. ഗതാഗത മന്ത്രിക്ക് നേരെയും വിമർശനം ഉണ്ടായി. മാനേജ്മെന്റ് മാത്രമല്ല ഇതിന് ഉത്തരവാദികൾ എന്നാണ് സമരക്കാരുടെ പ്രതികരണം. സി.ഐ.ടി.യുവിനും ടി.ഡി.എഫിനും പുറമെ ബി.എം.എസും സമരമുഖത്തുണ്ട്. മെയ് അഞ്ചിനകം ശമ്പളം നൽകിയില്ലെങ്കിൽ പണിമുടക്കുമെന്ന് നേതൃത്വം അറിയിച്ചു.

## പുൽവാമ ആക്രമണം; മുൻ കശ്മീർ ഗവർണറുടെ വെളിപ്പെടുത്തൽ ഗൗരവതരം, അന്വേഷണം വേണം: സീതാറാം യെച്ചൂരി



ന്യൂഡൽഹി: പുൽവാമയിൽ സുരക്ഷാ ഉദ്യോഗസ്ഥരുമായി സഞ്ചരിച്ചിരുന്ന വാഹനവ്യൂഹത്തിനു നേരെ തീവ്രവാദികൾ നടത്തിയ ആക്രമണവുമായി ബന്ധപ്പെട്ട് മുൻ കശ്മീർ ഗവർണർ സത്യപാൽ മാലികിന്റെ വെളിപ്പെടുത്തൽ ഗൗരവതരമെന്ന് സി. പി. എം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി. ഇന്റലിജൻസ് വീഴ്ചയുണ്ടായെന്ന് പ്രസ്താവനയിൽ വ്യക്തമായ സ്ഥിതിക്ക് ഇക്കാര്യത്തിൽ അന്വേഷണം നടത്തണമെന്നും മോദി സർക്കാർ മൗനം വെടിയണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ദേശസുരക്ഷയിൽ വിട്ടുവീഴ്ചപാടില്ലെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ നടപടി വേണമെന്നും അദ്ദേഹം പറഞ്ഞു. ഒരു കാര്യത്തിലും പ്രതികരിക്കാത്ത പ്രധാനമന്ത്രിയാണ് രാജ്യത്തുള്ളതെന്ന് അദ്ദേഹം വിമർശിച്ചു. രാജ്യസുരക്ഷയെയും ജവാൻമാരുടെ ജീവനും വെച്ച് കേന്ദ്ര സർക്കാർ കളിക്കുന്നത് രാജ്യത്തിന് ഭീഷണിയാണ്. രാജ്യത്ത് ജാതി സെൻസസ് നടത്തണമെന്നും യെച്ചൂരി ആവശ്യപ്പെട്ടു. സെൻസസ് നടത്തേണ്ടത് കേന്ദ്ര സർക്കാരാണ്. പതിവ് സെൻസസ് കൃത്യമായി നടത്തണം. ഒപ്പം ജാതി സെൻസസ് നടപ്പാക്കണം. സംസ്ഥാനങ്ങളിൽ നടക്കുന്നത് സർവ്വേ മാത്രമാണ്. ജാതി സെൻസസ് ഒഴിവാക്കാൻ പതിവ് സെൻസസ് കൂടി കേന്ദ്രം ഒഴിവാക്കി. തെരഞ്ഞെടുപ്പുകളിൽ ചർച്ചയാകേണ്ട വിഷയമാണിതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# വീട് തെറ്റി ഡോർബെല്ലടിച്ച കൗമാരക്കാരനെ വെടിവെച്ച് 85കാരൻ

വാഷിങ്ടൺ: വീട് തെറ്റി ഡോർബെല്ലടിച്ച കറുത്ത വർഗക്കാരനായ പതിനാറുവയസ്സുകാരനുനേരെ വെടിയുതിർത്ത് 85കാരൻ. യു.എസിലെ മിസോറിയിൽ റാൽഫ് പോൾയാൾ എന്ന പതിനാറുകാരന്റെ നേരെയാണ് ആൻഡ്ര്യൂ ലെസ്റ്റർ എന്ന വെളുത്ത വർഗക്കാരനായ 85കാരൻ വെടിവെച്ചത്. രണ്ടു തവണ ഇയാൾ റാൽഫിനു നേരെ വെടിവെക്കുകയായിരുന്നു. അതിലൊന്ന് തലക്കേറ്റ റാൽഫ് ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ ചികിത്സയിലാണ്. കഴിഞ്ഞ വ്യാഴാഴ്ച രാത്രി സുഹൃത്തിന്റെ വീട്ടിലായിരുന്ന ഇരട്ട സഹോദരങ്ങളെ



വെടിയേറ്റ റാൽഫ്

കൂട്ടിക്കൊണ്ടുപോകാനാണ് റാൽഫ് എത്തിയത്. ആൻഡ്ര്യൂ ലെസ്റ്ററിന്റെ വീടിനു സമീപത്തായിരുന്നു സുഹൃത്തിന്റെ വീട്. റാൽഫ് വീടു മാറി ലെസ്റ്ററിന്റെ കോളിങ് ബെൽ അടിച്ചു. അതിൽ ക്ഷുഭിതനായ ലെസ്റ്റർ റാൽഫിനു നേരെ വെടിവെക്കുകയായിരുന്നു. ഇയാളെ പോലിസ് പിടികൂടിയെങ്കിലും വിട്ടയച്ചു. തുടർന്ന് പ്രദേശത്തുണ്ടായ കനത്ത പ്രതിഷേധത്തെത്തുടർന്ന് ഇയാൾക്കെതിരേ കുറ്റം ചുമത്തുമെന്ന് പ്രോസിക്യൂട്ടർമാർ അറിയിച്ചു. കൊലപാതകശ്രമത്തിനും ആയുധം കൊണ്ടുള്ള കുറ്റകൃത്യത്തിനുമാണ് കേസ് ചാർജ്ജ് ചെയ്തിരിക്കുന്നത്.

# വൈദ്യുതി ഉപഭോഗത്തിൽ ചരിത്രം കുറിച്ച് കേരളം; ഉപഭോഗം 10 കോടി യൂണിറ്റ്

തിരുവനന്തപുരം: കേരളത്തിൽ ചരിത്രത്തിൽ ആദ്യമായി വൈദ്യുതി ഉപഭോഗത്തിൽ 10 കോടി യൂണിറ്റ് മറികടന്നു. ഇന്നലെ കേരളം ഉപയോഗിച്ചത് 10.035 കോടി യൂണിറ്റ് വൈദ്യുതിയാണ്. ഏപ്രിൽ 13ന് 10.030 കോടി യൂണിറ്റ് ഉപയോഗിച്ചിരുന്നു. ഏപ്രിൽ 13ന് കഴിഞ്ഞ വർഷം ഏപ്രിൽ 28ന് രേഖപ്പെടുത്തിയ 9.288 കോടി യൂണിറ്റ് എന്ന റെക്കോർഡാണ് രണ്ടുദിവസങ്ങളിലായി മറികടന്നത്. പീക് ലോഡ് സമയത്തെ വൈദ്യുതി ഉപയോഗം വർധിച്ചതാണ് റെക്കോർഡ് ഉപഭോഗത്തിന് കാരണമായത്. ഇതേ രീതിയിൽ ഇനിയും ഉപയോഗം തുടർന്നാൽ ലഭ്യമായ വൈദ്യുതി



തികയാതെ വരും. അങ്ങനെയായാൽ അധിക വൈദ്യുതി പവർ എക്സ്ചേഞ്ചിൽ നിന്ന് യൂണിറ്റിന് 10 രൂപയ്ക്ക് വാങ്ങി കമ്മി നികത്തേണ്ടി വരും. എന്നാൽ, ഇവിടെ നിന്നും വൈദ്യുതി ലഭിക്കാതെ വന്നാൽ നിയന്ത്രണം ഏർപ്പെടുത്തേണ്ടി വരും. ഈ വർഷം മാർച്ച് 13ന് 9.022 കോടി യൂണിറ്റും മാർച്ച് 14ന് 9.204 കോടി യൂണിറ്റും വൈദ്യുതി ഉപഭോഗം രേഖപ്പെടുത്തിയിരുന്നു. അതേസമയം പ്രധാന ജലവൈദ്യുതി പദ്ധതികളുടെ അണക്കെട്ടുകളിലെ ജലനിരപ്പ് ദിവസം തോറും ഒരു ശതമാനം വീതം കുറയുകയാണ്. ഇടുക്കി അണക്കെട്ടിൽ ഇന്നലെ 36 ശതമാനം വെള്ളമായിരുന്നു ഉണ്ടായിരുന്നത്. ഇന്ന് 35 ശതമാനമായി കുറഞ്ഞു.

## ഇൻഫോസിസിന്റെ ഓഹരികൾ ഇടിഞ്ഞു: ഋഷി സുനകിന്റെ ഭാര്യയ്ക്ക് 61 ദശലക്ഷം ഡോളർ നഷ്ടം

ലണ്ടൻ: കഴിഞ്ഞ ദിവസം ഇൻഫോസിസിന്റെ ഓഹരികൾ ഗണ്യമായി ഇടിഞ്ഞതോടെ ബ്രിട്ടീഷ് പ്രധാനമന്ത്രി ഋഷി സുനകിന്റെ ഭാര്യയും ഇൻഫോസിസ് സഹസ്ഥാപകൻ നാരായണമൂർത്തിയുടെ മകളുമായ അക്ഷതാ മൂർത്തിക്ക് നഷ്ടമായത് 61 ദശലക്ഷം ഡോളർ. അക്ഷതാ മൂർത്തിക്ക് കമ്പനിയിൽ 0.94 ശതമാനം ഓഹരിയുണ്ട്. കമ്പനിയുടെ ഓഹരികളിൽ 9.4 ശതമാനം ഇടിവാണ് കഴിഞ്ഞ



അക്ഷതാ മൂർത്തി

ദിവസം രേഖപ്പെടുത്തിയത്. ഋഷി സുനകിന്റെ രാഷ്ട്രീയ ജീവിതത്തിൽ എപ്പോഴും വിവാദവിഷയമാകാറുള്ളത് ഭാര്യ അക്ഷതയുടെ സമ്പത്തും ഇടപെടലുകളുമാണ്. അക്ഷതയുടെ ഉടമസ്ഥതയിലുള്ള ശിശു സംരക്ഷണ ഏജൻസിയുടെ ഓഹരി പങ്കാളിത്തവുമായി ബന്ധപ്പെട്ട് ഋഷി സുനകിനെതിരേ പാർലമെന്റ് സമിതി അന്വേഷണം പ്രഖ്യാപിച്ചിരിക്കുകയാണ്. ഇൻഫോസിസിന്റെ ഓഹരി പങ്കാളിത്തത്തിൽ നിന്ന് 68.17 കോടി രൂപ ലാഭവിഹിതം നേടുന്നതായി നേരത്തേ റിപ്പോർട്ടുണ്ടായിരുന്നു.



## മുന്നറിയിപ്പുകൾ അവഗണിച്ച് പാകിസ്താനിൽ ചൈനീസ് കടകൾ അടച്ചുപൂട്ടുന്നു

ഇസ്ലാമാബാദ്: ഭീകരാക്രമണങ്ങളിൽ നിന്ന് തങ്ങളുടെ പൗരന്മാർക്ക് സുരക്ഷ ഒരുക്കണമെന്ന് ചൈന പാകിസ്താനോട് ആവശ്യപ്പെട്ടു കൊണ്ടേയിരിക്കുന്നതിനിടയിൽ ചൈന-പാക് ബന്ധത്തിന് ഉലച്ചിലുണ്ടാക്കുന്ന രീതിയിൽ കറാച്ചി പോലിസ് പാകിസ്താനിലെ ചൈനീസ് പൗരന്മാരുടെ കടകൾ അടച്ചു പൂട്ടുന്നതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

ഒരു മാസം മുമ്പാണ് ചൈന ഇസ്ലാമാബാദിലെ എംബസിയുടെ കോൺസുലാർ വിഭാഗം താൽക്കാലികമായി അടയ്ക്കുകയും പാകിസ്താനിലെ ചൈനീസ് പൗരന്മാരോട് ജാഗ്രത പാലിക്കാൻ നിർദേശം നൽകുകയും ചെയ്തത്. അതിനിടയിലാണ് പാകിസ്താന്റെ ഈ അപ്രതീക്ഷിത നീക്കം.

ചൈന അനുവദിച്ച ഭീമമായ ലോണുകളിൽ ഇളവ് ലഭിക്കാനും തിരിച്ചടവ് കാലാവധി നീട്ടാനും ചൈനയ്ക്കുമേൽ സമ്മർദ്ദം ചെലുത്താനുമാണ് പാക് നടപടിയെന്നാണ് സൂചന. പാകിസ്താനിൽ ചൈനീസ് പൗരന്മാരുടെ സുരക്ഷയിൽ പാക് അധികൃതർ അലംഭാവം കാണിക്കുന്നതായാണ് റിപ്പോർട്ട്. പാകിസ്താനിൽ ചൈനീസ് പൗരന്മാരേയും ചൈന-പാക് സാമ്പത്തിക ഇടനാഴിയുമായി ബന്ധപ്പെട്ടുള്ള പദ്ധതികളേയും ലക്ഷ്യം വെച്ചുള്ള ആക്രമണങ്ങൾ തുടരുകയാണ്. വാണിജ്യ പദ്ധതികൾ, ഖനന പ്രവർത്തനങ്ങൾ എന്നിവയിലൂടെ പാകിസ്താന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുകയാണെന്ന വ്യാജേന ചൈന തങ്ങളുടെ ഭൂമി കൈയേറുകയാണെന്ന സംശയം പാകിസ്തനികൾക്കിടയിൽ ശക്തമാണ്. ജനങ്ങൾക്കിടയിലെ ചൈനാ വിരുദ്ധവികാരം നിയന്ത്രിക്കാൻ പ്രാദേശിക ഭരണകൂടങ്ങൾക്കോ സുരക്ഷാ ഏജൻസികൾക്കോ കഴിയുന്നില്ല. അതിനിടെയാണ് ചൈനീസ് പൗരന്മാരുടെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾ അടച്ചുപൂട്ടിയത്.

### സ്റ്റാലിനും മകനുമെതിരേ അഴിമതി ആരോപണവുമായി ബി.ജെ.പി

# 48 മണിക്കൂറിനകം നിരുപാധികം മാപ്പ് പറഞ്ഞ് 500 കോടി രൂപ നഷ്ടപരിഹാരം നൽകണം: ഡി.എം.കെ

ചെന്നൈ: ഡി.എം.കെ പാർട്ടി അധ്യക്ഷനും തമിഴ്നാട് മുഖ്യമന്ത്രിയുമായ എം.കെ സ്റ്റാലിനും മകനും കായിക മന്ത്രിയുമായ ഉദയനിധി സ്റ്റാലിനുമെതിരേ അനധികൃത സ്വത്തുസമ്പാദനം ആരോപിച്ച് ബി.ജെ.പി. 48 മണിക്കൂറിനകം മാപ്പ് പറഞ്ഞ് നഷ്ടപരിഹാരം നൽകണമെന്ന് ഡി.എം.കെ. തമിഴ്നാട് ബി.ജെ.പി പ്രസിഡന്റ് കെ. അണ്ണാമലൈയാണ് ഡി.എം.കെ നേതാക്കൾക്കെതിരേ ഗുരുതരമായ അഴിമതിയാരോപണവുമായി രംഗത്തുവന്നത്. 2011ലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വിദേശ കമ്പനികളിൽ നിന്ന് എം.കെ സ്റ്റാലിൻ 200 കോടി രൂപ കൈപ്പറ്റി എന്നതുൾപ്പെടെയുള്ള ആരോപണങ്ങളാണ് അണ്ണാമലൈ ഉയർത്തിയത്. സ്റ്റാലിന്റെ മകനും കായികമന്ത്രിയുമായ ഉദയനിധി സ്റ്റാലിന്റേതുൾപ്പെടെയുള്ള ഡി.എം.കെ നേതാക്കളുടെ സ്വത്തുവിവരങ്ങൾ പുറത്ത് വിട്ട്, ഇതിനെതിരേയും അണ്ണാമലൈ രംഗത്ത് വന്നിരുന്നു. ഭരണകക്ഷിയായ ഡി.എം.കെ നേതാ



ക്കൾക്കെതിരേ അനധികൃത സ്വത്തു സമ്പാദനം, കള്ളപ്പണം വെളുപ്പിക്കൽ ഉൾപ്പെടെ ഗുരുതര ആരോപണങ്ങളാണ് അണ്ണാമലൈ ഉന്നയിച്ചത്. സ്റ്റാലിന്റെ മകനും കായിക മന്ത്രിയുമായ ഉദയനിധി ഉൾപ്പെടെ പാർട്ടി നേതാക്കളുടെ പേരിലുള്ള 1.34 ലക്ഷം കോടി രൂപയുടെ സ്വത്തുവിവരങ്ങളും പുറത്തു വിട്ടു.കെ. അണ്ണാമലൈക്കെതിരെ ഡി. എം. കെ പാർട്ടി നേതൃത്വം നിയമനടപടികൾ ആരംഭിച്ചു. ഡി.എം.കെ സംഘടനാ സെക്രട്ടറി ആർ.എസ് ഭാരതിയാണ് നിയമനടപടികൾക്ക് തുടക്കമിട്ടിരിക്കുന്നത്. ഡി.എം.കെ പാർട്ടി അധ്യക്ഷനും മുഖ്യമന്ത്രിയുമായ എം.കെ സ്റ്റാലിനുമെതിരേ അണ്ണാമലൈ നടത്തിയ ആരോപണങ്ങളിൽ 48 മണിക്കൂറിനുള്ളിൽ നിരുപാധികം മാപ്പ് പറയണമെന്നും 500 കോടി രൂപ നഷ്ടപരിഹാരം നൽകണമെന്നുമാണ് നോട്ടീസിൽ ആവശ്യപ്പെട്ടിരിക്കുന്നത്. നഷ്ടപരിഹാരത്തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് കൈമാറണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. പുറത്തുവിട്ട സ്വത്ത് രേഖകൾ രഹസ്യമല്ലെന്നും നിലവിൽ വെബ്സൈറ്റുകളിലും മറ്റും ലഭ്യമാണെന്നും ഡി.എം. കെ നേതൃത്വം ചൂണ്ടിക്കാട്ടി. വ്യക്തികളുടെ സ്വത്തും പാർട്ടിയുടെ സ്വത്തും തമ്മിലുള്ള വ്യത്യാസമെങ്കിലും അണ്ണാമലൈ മനസിലാക്കണമെന്ന് ആർ.എസ് ഭാരതി പറഞ്ഞു. 2019ൽ ബി.ജെ.പി ഡൽഹിയിലും മധ്യപ്രദേശിലും തങ്ങളുടെ പുതിയ പാർട്ടി ഓഫിസുകൾ തുറന്നിരുന്നു, 700 കോടിയും 100 കോടിയുമായിരുന്നു ഇതിന്റെ ചെലവ്, ഈ തുകയുടെ ഉറവിടത്തെക്കുറിച്ച് ബി.ജെ.പി എവിടെയും വെളിപ്പെടുത്തിയിട്ടില്ല. ആ തുക മുഴുവനും അഴിമതിയിലൂടെ സമ്പാദിച്ച അനധികൃത സ്വത്താണെന്ന് പറയാൻ കഴിയുമോയെന്നും അദ്ദേഹം ചോദിച്ചു.ആരോപണങ്ങളോട് രൂക്ഷമായി പ്രതികരിച്ച ഡി.എം.കെ, രേഖകൾ 15 ദിവസത്തിനകം പാർട്ടി ആസ്ഥാനത്തെത്തിച്ചില്ലെങ്കിൽ നിയമനടപടി സ്വീകരിക്കുമെന്ന് മുന്നറിയിപ്പ് നൽകി. ബി.ജെ.പി നേതാക്കൾക്കു പങ്കുണ്ടെന്നു തെളിഞ്ഞ 2,438 കോടി രൂപയുടെ നിക്ഷേപ തട്ടിപ്പു കേസിൽ നിന്ന് ശ്രദ്ധ തിരിക്കാനുള്ള നീക്കമാണ് അണ്ണാമലൈ നടത്തുന്നതെന്നാണ് ഡി.എം.കെ ആരോപണം.

## എൻ.സി.പിയിൽ വിമതനീക്കം; അഭ്യൂഹങ്ങൾ തള്ളി ശരദ്പവാർ

മുംബൈ: എൻ.സി.പിയിലെ വിമതനീക്കം മാധ്യമങ്ങളുടെ സൃഷ്ടിയാണെന്ന് പാർട്ടി അധ്യക്ഷൻ ശരദ് പവാർ. അജിത് പവാറിന്റെ നേതൃത്വത്തിൽ എൻ.സി.പിയിൽ വിമതനീക്കം നടക്കുന്നുവെന്ന അഭ്യൂഹങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. അജിത് പവാർ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുകയാണെന്നും ആരും എം.എൽ.എമാരുടെ യോഗം വിളിച്ചിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.പൂനെയിൽ നടക്കുന്ന മഹാവികാസ് അഘാടിയുടെ വിജയാമൃത് റാലിയിൽ പങ്കെടുക്കുന്നതിൽ നിന്ന് അജിത് പവാർ വിട്ടുനിൽക്കാൻ തീരുമാനിച്ചിരുന്നു. ഇതോടെയാണ് എൻ.സി.പി പിളർപ്പിലേക്കെന്ന അഭ്യൂഹം ശക്തമായത്. മഹാരാഷ്ട്രയിൽ 15 എം.എൽ.എ മാരോടൊപ്പം അജിത് പവാർ ബി.ജെ.പയിലേക്ക് മാറിയേക്കുമെന്നാണ് പ്രചരിക്കുന്നത്. മുഖ്യമന്ത്രി ഏക്നാഥ് ഷിൻഡേയോടൊപ്പം വിമത പ്രവർത്തനം നടത്തിയ 16 എം.എൽ.എമാരെ സുപ്രീം കോടതി അയോഗ്യരാക്കിയാൽ ബദൽ എന്ന നിലയിൽ അജിത് പവാറിനേയും കൂടെയുള്ള എം.എൽ.എമാരേയും ബി.ജെ.പി ഒരുക്കി നിർത്തിയിരിക്കുന്നുവെന്നാണ് അഭ്യൂഹം.

## യു.പിയിലെ ഏറ്റുമുട്ടൽ കൊലപാതകങ്ങളിൽ സ്വതന്ത്ര അന്വേഷണം വേണം: ഹർജി പരിഗണിക്കാമെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: യു.പിയിൽ നടന്നുകൊണ്ടിരിക്കുന്ന ഏറ്റുമുട്ടൽ കൊലപാതകങ്ങളിൽ സ്വതന്ത്ര അന്വേഷണം വേണമെന്ന ഹർജി പരിഗണിക്കാമെന്ന് സുപ്രീംകോടതി. അഡ്വ. വിശാൽ തിവാരിയാണ് 2017 മുതൽ യു.പിയിൽ നടന്നുകൊണ്ടിരിക്കുന്ന ഏറ്റുമുട്ടൽ കൊലപാതകങ്ങളിൽ സ്വതന്ത്ര അന്വേഷണം വേണമെന്ന ഹർജി നൽകിയത്. 24ന് പരാതി പരിഗണിക്കാമെന്ന് സുപ്രീംകോടതി പറഞ്ഞു. യു.പി പോലിസ് കസ്റ്റഡിയിൽ കഴിയുകയായിരുന്ന രാഷ്ട്രീയ നേതാവ് അതീഖ് അഹമ്മദും സഹോദരൻ അഷ്റഫും പ്രയാഗ്രാജിൽ കൊല്ലപ്പെട്ടത് ഹർജിയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പ്രയാഗ്രാജ് മെഡിക്കൽ കോളജിലേക്ക് പരിശോധനയ്ക്കായി കൊണ്ടുപോകുന്നതിനിടെ മാധ്യമപ്രവർത്തകർ ചമഞ്ഞെത്തിയ മൂന്നുപേർ പോയിന്റ് ബ്ലാങ്കിൽ വെടിവെച്ച് രണ്ടുപേരേയും കൊലപ്പെടുത്തുകയായിരുന്നു. അതീഖ്, അഷ്റഫ് കൊലപാതകത്തിൽ സ്വതന്ത്ര അന്വേഷണ കമ്മിറ്റി രൂപീകരിക്കണമെന്നും അടിയന്തിരവാദം കേൾക്കണമെന്നും ഹർജിയിൽ ആവശ്യപ്പെടുന്നുണ്ട്. 2017 മുതൽ 183 ഏറ്റുമുട്ടൽ കൊലപാതകങ്ങളാണ് യു.പിയിൽ നടന്നത്.

## ന്യൂയോർക്ക് സിറ്റിയിൽ ചൈനയുടെ ഓവർസീസ് പോലിസ് സ്റ്റേഷൻ: രണ്ടുപേർ അറസ്റ്റിൽ

ന്യൂയോർക്ക്: കുപ്രസിദ്ധിയാർന്ന ചൈനയുടെ ഓവർസീസ് പോലിസ് സ്റ്റേഷൻ ന്യൂയോർക്ക് സിറ്റിയിൽ. ചൈനയ്ക്കുവേണ്ടി നടത്തിയ രഹസ്യപോലിസ് സ്റ്റേഷനാണ് ഓവർസിസ് പോലീസ് സ്റ്റേഷൻ. ഇതുമായി ബന്ധപ്പെട്ട് രണ്ട് ചൈനക്കാരെ യു.എസ് പോലിസ് അറസ്റ്റ് ചെയ്തു. ലിയു ജിയാൻ വാങ് (61), ചെൻ ജിൻപിംഗ് (59) എന്നിവരെയാണ് അറസ്റ്റ് ചെയ്തത്.



പ്രതികളെ തിങ്കളാഴ്ച കോടതിയിൽ ഹാജരാക്കുമെന്നാണ് വിവരം. മുൻകൂർ അനുമതിയില്ലാതെ യു.എസ് നിയമത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്നതാണ് രഹസ്യ പോലിസ് സ്റ്റേഷൻ എന്ന് അധികൃതർ പറഞ്ഞു. കഴിഞ്ഞ വർഷം അവസാനത്തോടെ അന്വേഷണ വിവരം മനസിലാക്കിയ പ്രതികൾ രഹസ്യ പോലിസ് സ്റ്റേഷൻ അടച്ചിരുന്നതായും അധികൃതർ അറിയിച്ചു.

ചൈനീസ് വംശജരുള്ള പല രാജ്യങ്ങളിലായി നൂറിലധികം ഇത്തരം സ്റ്റേഷനുകളുണ്ടെന്ന അന്വേഷണ റിപ്പോർട്ട് കഴിഞ്ഞ വർഷം പുറത്തുവന്നിരുന്നു.




കോഴിക്കോട് കോർപറേഷൻ ഭവനരഹിതർക്കും ഭൂരഹിതർക്കുമായി നടപ്പാക്കുന്ന പാർപ്പിട പദ്ധതിയുടെ ആലോചന യോഗം ടൂറിസം പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു





1. ആർ.സി.ബിക്കെതിരേ അർധ സെഞ്ചുറി നേടിയ ചെന്നൈ സൂപ്പർ കിങ്സിന്റെ ഡെവൻ കോൺവേയുടെ ബാറ്റിങ്ങ്, 2. ഫാഫ് ഡുപ്ലെസിയും മാക്സ്‌വെല്ലും ബാറ്റിങ്ങിനിടെ

# അടിയോടടി...

## ചിന്നസ്വാമി റൺഫെസ്റ്റിൽ ആർ.സി.ബിയെ എട്ട് റൺസിന് പരാജയപ്പെടുത്തി സി.എസ്.കെ

ബംഗളൂരു: അടി, തിരിച്ചടി.... ഇതാണ് കളി. ടി-20 ക്രിക്കറ്റിന്റെ എല്ലാ വശ്യസൗന്ദര്യവും നിറംച്ചാർത്തിയ മത്സരത്തിൽ എട്ട് റൺസിന് ചെന്നൈ സൂപ്പർ കിങ്സ്,ബാംഗ്ലൂർ റോയൽ ചലഞ്ചേഴ്സിനെ കീഴടക്കി. ചിന്നസ്വാമി സ്‌റ്റേഡിയത്തിൽ തിങ്ങിനിറഞ്ഞ കാണികൾക്ക് വെടിക്കെട്ടിന്റെ രാവാണ് ഇരു ടീമുകളും സമ്മാനിച്ചത്. ഒരു വേള പോലും മുഷിപ്പിക്കാതിരുന്ന മത്സരത്തിൽ ഇരു ടീമും വീറോടും വാശിയോടും ഇഞ്ചോടിഞ്ച് പോരാടി. ടോസ് നഷ്ടപ്പെട്ട് ബാറ്റിങ്ങിനിറങ്ങിയ ചെന്നൈക്ക് തുടക്കത്തിൽ തന്നെ ഓപ്പണർ ഗെയ്ക്‌വാദി(3)നെ നഷ്ടമായി. സിറാജിന്റെ പന്തിൽ പാർണൽ പിടിച്ച് പുറത്താക്കുകയായിരുന്നു. കോൺവേക്ക് കൂട്ടായി അജിൻക്യ രാഹാനെ ക്രീസിലെത്തിയതോടെ കഥമാറി. തുടക്കം മുതൽ ആക്രമിച്ച് കളിച്ച രഹാനക്കൊപ്പം കോൺവേയും വെടിക്കെട്ടിന് തിരിക്കൊളുത്തി. ഇരുവരും രണ്ടാം വിക്കറ്റിൽ 74 റൺസ് കൂട്ടിച്ചേർത്തു. 20 പന്തിൽ 37 റൺസെടുത്ത രഹാനയെ ഹസരങ്ക മടക്കിയെങ്കിലും തുടർന്നു വന്ന ശിവം ഡൂബെ കോൺവേക്ക് മികച്ച പിന്തുണ നൽകി. കോൺവേ 45 പന്തിൽ 83 റൺസ് നേടി മടങ്ങുമ്പോഴേക്കും ചെന്നൈ സ്‌കോർ 15.4 ഓവറിൽ 170 കടന്നിരുന്നു. ആറ് വീതം ഫോറിന്റേയും സിക്സിന്റേയും അകമ്പടിയോടു കൂടിയാണ് കോൺവേ ഇന്നിങ്സ് പടുത്തുയർത്തിയത്. ശിവം ഡൂബെ 27 പന്തിൽ 57 രൺസ് നേടി. 20 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 226 റൺസെന്ന വലിയ ടോട്ടലാണ് ചെന്നൈ നേടിയത്. മറുപടി ബാറ്റിങ്ങിൽ ബാംഗ്ലൂരിന്റെ തുടക്കം നല്ലതല്ലായിരുന്നു. സ്‌കോർബോർഡിൽ 15 റൺസെടുക്കുന്നതിനിടെ കോലിയും മഹിപാൽ ലോംറോറും വീണു. എന്നാൽ സ്വന്തം കാണികൾക്ക് മുന്നിൽ തോൽക്കാനുള്ള മനസ് ക്യാപ്റ്റൻ ഡുപ്ലെസിക്കും മാക്സ്‌വെല്ലിനും ഇല്ലായിരുന്നു. തുടർന്നങ്ങോട്ട് ഇരുവരുടേയും വെടിക്കെട്ടായിരുന്നു മത്സരത്തിന്റെ ഹൈലൈറ്റ്. ചെന്നൈ ബൗളർമാരെ ഇരുവരും തലങ്ങും വിലങ്ങും ശിക്ഷിച്ചു. ഇതനിടയിൽ ഫീൽഡർമാർ ക്യാച്ചുകൾ കൂടി മിസ്സാക്കി സഹായിച്ചതോടു കൂടി ബാംഗ്ലൂർ സ്‌കോർ കുത്തനെ ഉയർന്നു. പവർപ്ലേയിൽ ആർ.സി.ബിയെ 75-2ൽ എത്തിച്ച ഫാഫ്-മാക്സി സഖ്യം ഒമ്പതാം ഓവറിൽ ടീമിനെ 100 കടത്തി. മാക്സ്‌വെൽ 24 പന്തിലും ഡുപ്ലെസി 23 പന്തിലും അർധ സെഞ്ചുറി തികച്ചു. 13-ാം ഓവറിലെ ആദ്യ പന്തിൽ മഹീഷ് തീക്ഷന ഗ്ലെൻ മാക്സ്‌വെല്ലിനെ ധോണിയുടെ കൈകളിൽ എത്തിച്ചതോടെയാണ് 126 റൺസ് നീണ്ട മൂന്നാം വിക്കറ്റ് കൂട്ടുകെട്ട് പിരിഞ്ഞത്. 36 പന്തിൽ 76 റൺസെടുത്ത മാക്സ്‌വെല്ലിന്റെ ഇന്നിങ്സിൽ മൂന്ന് ഫോറും എട്ട് സിക്സും ഉണ്ടായിരുന്നു. മോയീൻ അലിയുടെ 14-ാം ഓവറിലെ അവസാന പന്തിൽ ഫാഫ് ഡുപ്ലെസി(33 പന്തിൽ 62 റൺസ്) യേയും ധോണി ക്യാച്ച് ചെയ്ത് പുറത്താക്കി. തുടർന്നെത്തിയ ദിനേഷ് കാർത്തിക് 14 പന്തിൽ 28 റൺസുമായി ബാംഗ്ലൂരിന് പ്രതീക്ഷ നൽകി. 17ാം ഓവറിൽ കാർത്തിക്കിനെ മടക്കി തുഷാർ ദേശ്പാണ്ഡേയും 18ാം ഓവറിൽ ഷഹബാസ് അഹ്മദിനെ പുറത്താക്കി മതീഷ പതിരാനയും ബാംഗ്ലൂരിനെ സമ്മർദത്തിലാക്കി. പതിരാന എറിഞ്ഞ അവസാന ഓവറിൽ ബാംഗ്ലൂരിന് ജയിക്കാൻ വേണ്ടിയിരുന്നത് 19 റൺസായിരുന്നു. ആദ്യ പന്തിൽ പ്രഭുദേശായിയും രണ്ടാം പന്തിൽ ഹസരങ്കയും സിംഗിളെടുത്തപ്പോൾ മൂന്നാം പന്തിൽ പ്രഭുദേശായി പന്ത് അതിർത്തി കടത്തി. നാലാം പന്തിൽ ഗംഭീര യോർക്കറുമായി പതിരാന തിരിച്ചുവന്നു. അഞ്ചാം പന്തിൽ ഡബിൾ നേടിയപ്പോൾ അവസാന ബോളിൽ പ്രഭുദേശായി(11 പന്തിൽ 19) ജഡേജയുടെ ക്യാച്ചിൽ പുറത്തായി. 20 ഓവറിൽ ബാംഗ്ലൂരിന് എട്ട് വിക്കറ്റ് നഷ്ടത്തിൽ 218 റൺസ് മാത്രമേ എടുക്കാൻ സാധിച്ചുള്ളൂ. ചെന്നൈക്ക് വേണ്ടി തുഷാർ ദേശ്പാണ്ഡേ മൂന്ന് വിക്കറ്റും മതീഷ പതിരാന രണ്ട് വിക്കറ്റും നേടി. ഡെവൻ കോൺവേയാണ് പ്ലെയർ ഓഫ് ദ മാച്ച്.



കേരള പ്രവാസി സംഘം കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഇഫ്താർ സംഗമം കെ.എം.സി.ടി ചെയർമാൻ ഡോ. കെ.മൊയ്തു ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

## കേരള പ്രവാസിസംഘം ഇഫ്താർ സംഗമം സംഘടിപ്പിച്ചു

കോഴിക്കോട്: കേരള പ്രവാസി സംഘം കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇഫ്താർ സംഗമം സംഘടിപ്പിച്ചു. ഇൻഡോർ സ്റ്റേഡിയം സ്പോർട്സ് കൗൺസിൽ ഹാളിൽ സംഘടിപ്പിച്ച പരിപാടി കെ.എം.സി.ടി ചെയർമാൻ ഡോ. കെ മൊയ്തു ഉദ്ഘാടനം ചെയ്തു. എല്ലാ അർത്ഥത്തിലും സാമുദായിക സൗഹർദം കൂടുതൽ ഊട്ടിയുറപ്പിക്കേണ്ട സാഹചര്യത്തിലാണ് നമ്മൾ ജീവിക്കുന്നതെന്നും എല്ലാ ആഘോഷങ്ങളും അതിനുള്ള വഴിയൊരുക്കണമെന്നും അദ്ദേഹം പറഞ്ഞു. ജില്ലാ സെക്രട്ടറി സി.വി ഇഖ്ബാൽ അധ്യക്ഷത വഹിച്ചു. പ്രവാസി സംഘം സംസ്ഥാന ട്രഷറർ ബാദുഷ കടലുണ്ടി, പ്രവാസി സംഘം ജില്ലാ പ്രസിഡന്റ് കെ. സജീവ് കുമാർ, സംസ്ഥാന കമ്മിറ്റി അംഗം സലിം മണാട്ട്, മഞ്ഞക്കുളം നാരായണൻ, ഡി.വൈ.എഫ്.ഐ സംസ്ഥാന പ്രസിഡന്റ് വി.വസീഫ്, അഗ്രോ ഇൻഡസ്ട്രിസ് കോർപറേഷൻ ചെയർമാൻ വി. കുഞ്ഞാലി, കാലിക്കറ്റ് ചേംബർ ഓഫ് കോമേഴ്സ് പ്രസിഡന്റ് റാഫി പി.ദേവസ്യ, മലബാർ ഡെവലപ്മെന്റ് കൗൺസിൽ ചെയർമാൻ ഷെവലിയാർ സി. ഇ ചാക്കുണ്ണി, ന്യൂനപക്ഷ മോർച്ചസെൽ ജില്ലാ ചെയർമാൻ ഷെയ്ഖ് സായിദ്, വി.എം മോഹനൻ മാസ്റ്റർ എന്നിവർ സംസാരിച്ചു. ആസാദ് പള്ളത്ത്, സൈനബ സലിം, സുനിൽകുമാർ, മുജീബ് കുറ്റിച്ചിറ എന്നിവർ നേതൃത്വം നൽകി. പി.കെ കബീർ സലാല സ്വാഗതവും ടി.പി ഷിജിത്ത് നന്ദിയും പറഞ്ഞു.

## കുടുംബശ്രീ മൈക്രോ എന്റർപ്രൈസ് കോൺക്ലേവ്: മെഷീനറി- ടെക് എക്സ്പോയിൽ പങ്കെടുക്കാൻ അവസരം

തിരുവനന്തപുരം: കുടുംബശ്രീ മൈക്രോ എന്റർപ്രൈസ് കോൺക്ലേവിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന കുടുംബശ്രീ മെഷീനറി-ടെക് എക്സ്പോയിൽ പങ്കെടുക്കാൻ പ്രമുഖ മെഷീനറി നിർമാതാക്കൾക്ക് അവസരം. എറണാകുളം കളമശ്ശേരിയിലെ സമ്ര ഇന്റർനാഷണൽ കൺവെൻഷൻ ആൻഡ് എക്സിബിഷൻ സെന്ററിൽ 22, 23 തീയതികളിലാണ് പരിപാടി. കുടുംബശ്രീ സംരംഭങ്ങളെ സമഗ്ര പുരോഗതിയിലേക്ക് നയിക്കുക എന്നതാണ് കോൺക്ലേവിലൂടെ ലക്ഷ്യമിടുന്നത്. 1500ലേറെ സൂക്ഷ്മസംരംഭകർ കോൺക്ലേവിൽ പങ്കെടുക്കും.

ഉൽപാദന സേവന മേഖലകൾ ഉൾപ്പെടെ വിവിധ മേഖലകളിൽ ഉപയോഗിക്കുന്ന മെഷീനുകളും ഉപകരണങ്ങളും പ്രദർശിപ്പിക്കുന്നതിനുള്ള ഒരു വേദിയായിരിക്കും കുടുംബശ്രീ മെഷീനറി-ടെക് എക്സ്പോ. ഇതുവഴി ആധുനിക യന്ത്രോപകരണങ്ങളിലും പ്രവർത്തനരീതിയിലും സാങ്കേതിക വിദ്യയിലുമുള്ള ഏറ്റവും പുതിയ ട്രെൻഡുകൾ കുടുംബശ്രീ സംരംഭകർക്ക് പരിയപ്പെടുത്തുകയും അതിലൂടെ സംരംഭവികസനം സാധ്യമാക്കുകയുമാണ് ഉദ്ദേശം.കുടുംബശ്രീയുടെ കീഴിൽ സംസ്ഥാനമൊട്ടാകെ പ്രവർത്തിക്കുന്ന ഒരു ലക്ഷത്തിലേറെ സൂക്ഷ്മസംരംഭങ്ങളെ മികച്ച പ്രവർത്തന നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായാണ് എക്സ്പോ സംഘടിപ്പിക്കുന്നത്. സംരംഭകർക്ക് ആധുനിക യന്ത്രോപകരണങ്ങളും നവീനസാങ്കേതിക വിദ്യയും അടുത്തറിയാനും പരിചയപ്പെടാനും എക്സ്പോയിൽ അവസരമൊരുങ്ങും. കുറഞ്ഞ സമയത്തിൽ കൂടുതൽ ഉൽപാദനവും ഒപ്പം വരുമാനവും വർധിപ്പിക്കാൻ ഇതിലൂടെ സാധിക്കും. ഉൽപന്നങ്ങൾ ബ്രാൻഡ് ചെയ്യുന്നതിനും ഉപഭോക്തൃ അടിത്തറയും ഉപഭോക്തൃ ബന്ധങ്ങളും മെച്ചപ്പെടുത്തുന്നതിനും അതിലൂടെ സംരംഭകർക്ക് മികച്ച പ്രൊഫഷണലിസം കൈവരിക്കാനും എക്സ്പോ സഹായകമാകും.

പ്രമുഖ മെഷീനറി നിർമാതാക്കൾ, അംഗീകൃത മെഷീൻ വിതരണക്കാർ, വിവിധ ബാങ്കിങ്ങ് ധനകാര്യ സ്ഥാപനങ്ങളും അവയുടെ ഏജൻസികളും. ഗവേഷണ പരിശീലന സ്ഥാപനങ്ങൾ, പ്രൊഫഷണൽ അസോസിയേഷനുകൾ, ട്രേഡ് പ്രൊമോഷൻ സംഘടനകൾ, ടെക്നിക്കൽ കോർപറേഷൻ ഏജൻസികൾ തുടങ്ങി കോൺക്ലേവിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾക്കും വലിയ അവസരമായിരിക്കും എക്സ്പോ വഴി ലഭിക്കുക. വിശദ വിവരങ്ങൾക്ക് www.kudumbashree.or-g/expo2023 എന്ന ലിങ്ക് സന്ദർശിക്കുക.



മന്ത്രി പി.എ മുഹമ്മദ് റിയാസ് ഉള്ളൂർ അവാർഡ് സമർപ്പണം നിർവഹിക്കുന്നു

## ഉള്ളൂർ അവാർഡ് സമർപ്പണം നടത്തി

കോഴിക്കോട്: മഹാകവി ഉള്ളൂർ സ്മാരകസമിതി 15-ാം വാർഷികവും ഉള്ളൂർ അവാർഡ് സമർപ്പണവും നടത്തി. മന്ത്രി പി.എ മുഹമ്മദ് റിയാസ് ഉദ്ഘാടനവും അവാർഡ് സമർപ്പണവും നിർവഹിച്ചു. രമ ചെപ്പ്, ഷൈമജ ശിവറാം അവാർഡുകൾ ഏറ്റുവാങ്ങി. രക്ഷാധികാരി ബാബു പറശ്ശേരി അധ്യക്ഷത വഹിച്ചു. ഉള്ളൂർ അനുസ്മരണ പ്രഭാഷണം പ്രൊഫ.ഉള്ളൂർ എസ്. പരമേശ്വരനും മുഖ്യ പ്രഭാഷണം പി.ആർ നാഥനും നിർവഹിച്ചു. ആറ്റക്കോയ പള്ളിക്കണ്ടി ആമുഖ പ്രഭാഷണം നടത്തി. രമ ചെപ്പ്, ഷൈമജ ശിവറാം മറുമൊഴി നടത്തി. സണ്ണി ജോസഫ് ഉപഹാരം സമർപ്പിച്ചു. പി. അനിൽബാബു നന്ദി പറഞ്ഞു.

## മലബാർ ഹോസ്പിറ്റൽസിൽ മലബാർ പ്രോക്ടോളജി സെന്റർ പ്രവർത്തനം ആരംഭിച്ചു

കോഴിക്കോട്: എരഞ്ഞിപ്പാലം മലബാർ മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽസിൽ മലബാർ പ്രോക്ടോളജി സെന്റർ പ്രവർത്തനം ആരംഭിച്ചു. അത്യാധുനിക ടെക്നോളജികൾ ഉൾപ്പെടുത്തി അഡ്മിഷൻ ആവശ്യമില്ലാതെ പൈൽസ്, ഫിഷർ, ഫിസ്റ്റുല, തുടങ്ങിയ പ്രോക്ടോളജിക്കൽ പ്രശ്നങ്ങൾക്ക് ഒരു ദിവസ ചികിത്സ കൊണ്ട് പരിപൂർണ പരിഹാരമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത് എന്ന് സി.ഇ.ഒ ഡോ. കോളിൻ ജോസഫ് അറിയിച്ചു. ഫിസ്റ്റുലയ്ക്ക് വാഫ്റ്റ് (വി.എ.എ.എഫ്.ടി) പോലെയുള്ള അത്യാധുനിക ടെക്നോളജി വടക്കൻ കേരളത്തിൽ ആദ്യമായി രോഗികൾക്ക് നൽകാൻ കഴിയുന്നതിൽ ഏറെ അഭിമാനം ഉണ്ടെന്ന് ഡോ. ഡെന്നി ജേക്കബ് പറഞ്ഞു. കൂടാതെ കോംപ്ലിക്കേറ്റഡ് ഫിസ്റ്റുല, പൈലോനിഡൽ സൈനസ് എന്നിവയ്ക്ക് കീഹോൾ ടെക്നോളജിയും ഇവിടെ ലഭ്യമാണ്. ഒരുപാട് അശാസ്ത്രീയ ചികിത്സകളിലൂടെ സാധാരണക്കാർ ഏറ്റവും കൂടുതൽ വഞ്ചിതരാകുന്ന ഒരു രോഗാവസ്ഥയാണ് പൈൽസ്, ഫിഷർ, ഫിസ്റ്റുല തുടങ്ങിയവ. നിർധനരായ രോഗികൾക്ക് പ്രത്യേക പാക്കേജിലുള്ള ചികിത്സ ലഭ്യമാക്കുമെന്ന് ഹോസ്പിറ്റൽസ് എം.ഡി ഡോ. മിലി മണി അറിയിച്ചു. പൈൽസ് രഹിത കേരളമെന്ന ലക്ഷ്യത്തിലേക്ക് എത്താൻ കേരളം മുഴുവൻ കാംപയിൻ സംഘടിപ്പിക്കുമെന്നും അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്: 9544063336 നമ്പറിൽ ബന്ധപ്പെടുക.




എരഞ്ഞിപ്പാലം മലബാർ മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽസിൽ മലബാർ പ്രോക്ടോളജി സെന്റർ പ്രവർത്തനം ആരംഭിച്ചതുമായി ബന്ധപ്പെട്ട് വിളിച്ചു ചേർത്ത വാർത്താസമ്മേളനത്തിൽ നിന്ന്

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.